ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ 10 പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു :

1.	തിരുവനന്തപുരം	4
2.	കൊല്ലം	1
3.	കോട്ടയം	1
4.	എറണാകുളം	2
5.	മലപ്പുറം	1
6.	കോഴിക്കോട്	1

(ബി & സി) പുതിയ പെട്രോൾ പമ്പുകൾ എവിടെ തുടങ്ങണം എന്നു തീരുമാനിക്കുന്നതും ഏജൻസിയെ തിരഞ്ഞെടുക്കുന്നതും ഓയിൽ കമ്പനികളാണ്. അപേക്ഷ ക്ഷണിക്കുന്ന സ്ഥലങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പുതിയ പെട്രോൾ പമ്പുകൾ അനുവദിച്ചു കിട്ടാനുള്ള ശ്രമം നടത്തിവരികയാണ്.

സാംസ്ക്കാരിക സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റും പ്രവർത്തനവും

64 (1118) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, കേരള കലാമണ്ഡലം ഫോക്‌ലോർ അക്കാദമി, ചലച്ചിത്ര അക്കാദമി എന്നീ സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് സർക്കാർ വർഷം തോറും നൽകിവരുന്ന സാമ്പത്തിക സഹായം-ഗ്രാന്റ് എന്നിവ എത്രയാണ് ;

(ബി) 2001-2002, 2002-2003 വർഷങ്ങളിൽ ഈ സ്ഥാപനങ്ങൾക്ക് നൽകിയ ഗ്രാന്റ് സഹായം എത്ര ; മേൽ സ്ഥാപനങ്ങളിലെ കമ്മിറ്റികളിൽ നിന്ന് അംഗങ്ങൾ രാജിവച്ചു പോയിട്ടുണ്ടോ ;

(സി) അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) മേൽ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ആരെല്ലാമാണ് ; ഈ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരെ ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ഈ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ജോലി ചെയ്യുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ എന്ന് വ്യക്തമാക്കാമോ ;

(ജി) താൽക്കാലിക അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ ഈ സ്ഥാപനങ്ങളിൽ ജോലിക്ക് ആളെ നിയമിച്ചിട്ടുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ ഓരോ സ്ഥാപനത്തിലും എത്രപേരെ വീതം നിയമിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഐ) മേൽ സ്ഥാപനങ്ങൾ ഇപ്പോൾ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ അക്കാഡമികൾക്ക് ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ഗ്രാന്റായി അനുവദിച്ചുവരുന്നു.

(ബി-ഐ) ഓരോ സ്ഥാപനത്തെയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

സാംസ്ക്കാരിക സ്മാരകങ്ങളുടെ സംരക്ഷണം

65 (1119) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാംസ്ക്കാരിക സ്മാരകങ്ങൾ ഉചിതമായി സംരക്ഷിക്കുന്നതിനും പുതിയ സ്മാരകങ്ങൾ നിർമ്മിക്കുന്നതിനുമുള്ള എന്തെങ്കിലും പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പരിപാടി അനുസരിച്ച് ഏതെല്ലാം സ്മാരകങ്ങളുടെ വികസനമാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത് ;

(ഡി) ഇതിൽ ഏതെല്ലാം സ്മാരകങ്ങളുടെ വികസനമാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളത് ;

(ഇ) ഇതിനായി കഴിഞ്ഞ ബഡ്ജറ്റിൽ എന്തു തുകയാണ് നീക്കി വച്ചിരിക്കുന്നതെന്നും ഇതിൽ എന്തു തുക ചെലവഴിച്ചു എന്നും വിശദമാക്കുമോ ?

ഉത്തരം

(എ-ഇ) സംസ്ഥാനത്തെ സാംസ്ക്കാരിക സ്മാരങ്ങളുടെ സംരക്ഷണത്തിനും അവയുടെ വികസന പ്രവർത്തനങ്ങൾക്കുമായി സാംസ്ക്കാരിക വകുപ്പിൽ നിന്നും വാർഷിക ഗ്രാന്റ് നൽകിവരുന്നുണ്ട്. പുതുതായി സ്മാരകം പണിയുന്നതിനുള്ള പദ്ധതികളൊന്നും താൽക്കാലം

---

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[25-6-2003-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 64 (1118) കാണുക]

1. കേരള സാഹിത്യ അക്കാദമി

		2001-2002	2002-2003
(ബി)	നോൺ പ്ലാൻ ഗ്രാന്റ്	26,71,000	28,58,000
	പ്ലാൻ ഗ്രാന്റ്	22,30,000	25,00,000
	അംഗങ്ങൾ രാജിവച്ചിട്ടില്ല.		

(സി) ബാധകമല്ല.

(ഡി) ഡോ. പി. വി. കൃഷ്ണൻ നായർ

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

(ജി) ഉണ്ട്.

(എച്ച്) 8 പേർ

(ഐ) പുസ്തക പ്രസിദ്ധീകരണം, ആനുകാലികങ്ങളുടെ പ്രസിദ്ധീകരണം, (സാഹിത്യ ചക്രവാള മാസിക, സാഹിത്യ ലോകം ദ്വൈവാരിക, മലയാളം ലിറ്റററി സർവേ ഇംഗ്ലീഷ് ത്രൈമാസിക). സാഹിത്യകാര ഡയറക്ടറി, ലൈബ്രറി ഡവലപ്മെന്റ്, പഠന പര്യടനത്തിന് സഹായധനം, ഗ്രന്ഥ പ്രസിദ്ധീകരണത്തിന് ധനസഹായം, സാംസ്ക്കാരിക ഡയറി, ഗവേഷണ സ്ക്കോളർഷിപ്പ് (ഗ്രന്ഥരചനയ്ക്ക്), ഭാഷയ്ക്കും സാഹിത്യത്തിനും ചെയ്ത സേവനത്തിന് പാരിതോഷിക സഹായധനം, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പുസ്തക പ്രദർശനവും വില്പനയും, യശശരീരരായ സാഹിത്യകാരന്മാരുടെ എണ്ണ ഛായാചിത്രങ്ങൾ തയ്യാറാക്കുക, മതസൗഹാർദ്ദവും സാംസ്ക്കാരിക ഐക്യവും വളർത്തുന്നതിനുവേണ്ടി കേരള സാഹിത്യ അക്കാദമി ആവിഷ്ക്കരിച്ചിട്ടുള്ള മാനുഷ്യകം-2003 എന്ന പരിപാടി, സാഹിത്യ സമ്മേളനങ്ങൾ, സെമിനാറുകൾ, സ്മാരക പ്രസംഗങ്ങൾ, ജന്മശതാബ്ദികൾ, ദേശീയ പുസ്തകോൽസവം, സാഹിത്യ ക്യാമ്പുകൾ, സാംസ്ക്കാരിക വിനിമയ പരിപാടികൾ.

2. സംഗീത നാടക അക്കാഡമി

(ബി) 2001-2002-ൽ 50,56,000 രൂപയും 2002-2003 വർഷത്തിൽ 50,00,000 രൂപയും നൽകിയിട്ടുണ്ട്. മൂന്ന് അംഗങ്ങൾ രാജിവച്ചിട്ടുണ്ട്.

(സി) വ്യക്തിപരമായ കാരണങ്ങൾ

(ഡി) സെക്രട്ടറിയായിരുന്ന ശ്രീ. ജോസ് ജോർജ്ജിന്റെ ഡപ്യൂട്ടേഷൻ അവസാനിപ്പിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിൽ

(ജി) ഉണ്ട്.

(എച്ച്) രണ്ടു പേർ

(ഐ) കേരളത്തിലെ നൃത്തം, സംഗീതം, നാടകം എന്നീ കലകളെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി സംഗീതോത്സവം, നാടകോത്സവം, നൃത്തോത്സവം എന്നിവ സംഘടിപ്പിക്കുക, മഹാന്മാരായ കാലാകാരന്മാരെക്കുറിച്ച് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക, കലാരംഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകൾക്കും സ്ഥാപനങ്ങൾക്കും അംഗീകാരം നൽകുക, അമേച്വർ കലാകാരന്മാർക്ക് പ്രോത്സാഹനം നൽകുക, സംസ്ഥാനങ്ങൾ തമ്മിൽ സാംസ്ക്കാരിക വിനിയമ പരിപാടികൾ നടത്തുക, കലാസംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഗ്രാന്റ് അനുവദിക്കുക, കലാകാരന്മാർക്ക് ചികിത്സാധനസഹായം നൽകുക, വിശിഷ്ട കലാകാരന്മാർക്ക് അവാർഡുകളും ഫെല്ലോഷിപ്പുകളും നൽകി ആദരിക്കുക, കുട്ടികൾക്ക് കലാപരിശീലനത്തിന് സ്റ്റൈപ്പെന്റ് അനുവദിക്കുക, കൂടാതെ ഓരോ സാമ്പത്തിക വർഷവും സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റനുസരിച്ച് കൂടുതൽ പരിപാടികളും അക്കാഡമി സംഘടിപ്പിക്കുന്നു. ഇപ്രകാരം 2003-2004 അക്കാഡമി ഭാസ നാടകോത്സവം, ലോക നാടകോത്സവം, ദേശീയ നാടകോത്സവം, എക്സ്പെരിമന്റൽ ട്രഡീഷണൽ തീയേറ്റർ ഫെസ്റ്റിവെൽ ഇൻ കേരള, ആദിവാസി കലാമേള, സ്വാതി സംഗീതോത്സവം, ശില്പശാലകൾ, കുട്ടികളുടെ സംസ്ഥാന നാടകോത്സവം, മാപ്പിള കലോത്സവം എന്നീ പരിപാടികളും നടത്തുന്നതിന് ആസൂത്രണം ചെയ്തിട്ടുണ്ട്.

3. ലളിതകലാ അക്കാഡമി

		2001-2002	2002-2003
(എ)	നോൺ പ്ലാൻ	10,36,000	20,00,000
	പ്ലാൻ	22,50,000	25,00,000
	അംഗങ്ങൾ രാജിവച്ചിട്ടില്ല.		
(സി)	ബാധകമല്ല.		
(ഡി)	ആർ. ഗോപാലകൃഷ്ണൻ തുടരുന്നു.		
(ഇ)	ഇല്ല.		
(എഫ്)	ബാധകമല്ല.		

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇല്ല.

(എച്ച്) ബാധകമല്ല.

(ഐ) ദേശീയ തലത്തിലുള്ള കലാകാരന്മാരുടെ സംഗമം കേരളത്തിൽ സംഘടിപ്പിക്കുക. കലാ വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് നൽകുക. കലാകാരന്മാർക്ക് ഏകാംഗ പ്രദർശനം നടത്താനുള്ള ധനസഹായം നൽകുക. വാർഷിക കലാപ്രദർശനവും അവാർഡുദാനവും നടത്തുക, പ്രമുഖ കലാകാരന്മാർക്ക് അവാർഡുകൾ, ഫെല്ലോഷിപ്പുകൾ എന്നിവ നൽകി ആദരിക്കുക, കലാകാരന്മാരുടെ ക്യാമ്പുകളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുക, നിലവിലുള്ള ആർട്ട് ഗ്യാലറികൾ വിപുലപ്പെടുത്തുക, പുതിയ നഗരങ്ങളിൽ ആർട്ട് ഗ്യാലറികൾ സ്ഥാപിക്കുക തുടങ്ങിയവയാണ് നടപ്പുവർഷത്തെ പദ്ധതികൾ.

4. കേരള കലാമണ്ഡലം

	2001-2002	2002-2003
(എ) നോൺ പ്ലാൻ	60,50,000	80,50,000
പ്ലാൻ	49,00,000	64,00,000

അംഗങ്ങൾ രാജിവച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ഡോ. കല്പറ്റ ബാലകൃഷ്ണൻ തുടരുന്നു.

(ഇ) ഉണ്ട്.

(എഫ്) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, സാഹിത്യം പ്രൊഫസർ എന്നീ തസ്തികകളിൽ

(ജി) ഉണ്ട്.

(എച്ച്) വിസിറ്റിങ് പ്രൊഫസർമാർ - രണ്ടുപേർ

അക്കാഡമിക് പാഠ്യവിഷയങ്ങൾക്ക് - 6 പേർ

(ഐ) വള്ളത്തോൾ നഗർ ക്യാമ്പസ്സിനു മുമ്പിലായി പടിപ്പുര, ദർപ്പണ കളരി, ക്യൂരിയോഷോപ്പ്, വെയിറ്റിംഗ് ലൗഞ്ച് എന്നിവയാണ് നിർമ്മാണ പ്രവർത്തനങ്ങൾ, കലാ വികസനത്തിന്റെ ഭാഗമായി പുതിയ ഇനങ്ങളുടെ ചിട്ടപ്പെടുത്തൽ നൃത്തത്തിലും കഥകളിലും കൂടിയാട്ടത്തിലും നടത്താനുള്ള പദ്ധതിയുണ്ട്. സമൂഹസൗഹാർദ്ദത്തിനും സമാധാനത്തിനും ഊന്നൽ നൽകുന്ന നൃത്ത സംഗീതാവിഷ്ക്കാരങ്ങൾക്ക് രൂപം കൊടുത്തുവരുന്നു. 2003 സെപ്റ്റംബറിൽ സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ സഹായത്തോടെ 5 ദിവസത്തെ ഫെസ്റ്റിവെലും നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

5. കേരള ഫോൾക്ലോർ അക്കാഡമി

	2001-2002	2002-2003
(ബി) പ്ലാൻ ഗ്രാന്റ്	9,32,500	14,00,000
നോൺ പ്ലാൻ ഗ്രാന്റ്	ഇല്ല	7,00,000

അംഗങ്ങൾ രാജിവച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) സുരേഷ്ബാബു എളയാവൂർ

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

(ജി) ഉണ്ട്.

(എച്ച്) 6 പേർ

(ഐ) ഫോൾക് തിയേറ്റർ, കൾച്ചറൽ മ്യൂസിയം എന്നിവ ആരംഭിക്കുന്നതിനും ആസ്ഥാന മന്ദിരം ലഭ്യമാക്കുന്നതിനുമുള്ള പ്രവർത്തനം നടത്തിവരുന്നു.

6. ചലച്ചിത്ര അക്കാദമി

	2001-2002	2002-2003
(ബി) പ്ലാൻ ഗ്രാന്റ്	63.6 ലക്ഷം	64 ലക്ഷം
നോൺ പ്ലാൻ ഗ്രാന്റ്	72.6 ലക്ഷം	93.5 ലക്ഷം

കമ്മിറ്റിയിൽ നിന്നും അംഗങ്ങൾ രാജിവച്ചിട്ടുണ്ട്.

(സി) അവരവരുടെ വ്യക്തിപരമായ കാരണങ്ങളാൽ.

(ഡി) ശ്രീ. സി. രമേശ്കുമാർ ആണ് ഇപ്പോഴത്തെ സെക്രട്ടറി, ശ്രീ. കെ. വി. മോഹൻകുമാറിനെ ഔദ്യോഗിക കാരണങ്ങളാൽ തൽസ്ഥാനത്തുനിന്നും മാറ്റിയിരുന്നു.

(ഇ) ഉണ്ട്.

(എഫ്) സെക്രട്ടറി, ഡെപ്യൂട്ടി ഡയറക്ടർ (ഫെസ്റ്റിവൽ) എന്നീ തസ്തികകളിൽ

(ജി) ഉണ്ട്.

(എച്ച്) 6 പേരെ കരാടിസ്ഥാനത്തിലും നാലുപേരെ ദിവസവേതന അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്.

(ഐ) ടൂറിംഗ് ടാക്കീസ്, ഫെല്ലോഷിപ്പ് പ്രോഗ്രാം, വീഡിയോ ലൈബ്രറി, എൻസൈക്ലോപീഡിയ ഓഫ് മലയാളം സിനിമ പുസ്തക പ്രസിദ്ധീകരണം, അവശ സിനിമാ കലാകാരന്മാർക്കുള്ള ചികിത്സാ ധനസഹായം, ഫിലിം മ്യൂസിയം എന്നിവയാണ് അക്കാദമി ഇപ്പോൾ പുതിയതായി ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly